പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1616

14-12-2012 – ൽ മറുപടിയ്ക്ക്

സഹസ്ര സരോവരം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ. നാരായണൻ | ശ്രീ.കെ.പി.മോഹനൻ (കൃഷിയുംമൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനും കൃഷി വകുപ്പും ചേർന്ന് രൂപം നൽകിയ സഹസ്ര സരോവരം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള 5 സെന്റോ അതിൽ കൂടുതലോ ഉള്ള ചിറകൾ സംരക്ഷിച്ച് ജലസ്രോതസ്സുകളുടെ ഉറവിടം സംരക്ഷിച്ച് ജലം സംഭരിക്കുക വഴി ഭൂഗർഭ ജലനിരപ്പ് നിലനിർത്തുവാനും കുടിവെള്ള ക്ഷാമം പരിഹരിച്ച് അധിക ജലം കൃഷിക്കായി മാറ്റിവയ്ക്കുവാനും തദ്വാര കാർഷികോല്പാദനം വർദ്ധിപ്പിക്കുവാനും കഴിയത്തക്ക രീതിയിൽ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് സഹസ്ര സരോവർ പദ്ധതി. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ മൂന്നുവർഷംകൊണ്ട് 1000 ചിറകളുടെ സംരക്ഷണമാണ് ലക്ഷ്യമിടുന്നത്. ഇത്തരത്തിൽ സംരക്ഷിക്കപ്പെട്ട ചിറകളുടെ തുടർ സംരക്ഷണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതി നഗര പ്രദേശത്തുകൂടി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) കേരളത്തിലെ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവ പദ്ധതിയുടെ പരിധിയിൽ വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ